(എ) നിർദ്ദിഷ്ട ലേബർ ബാങ്കിന്റെ രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ തൊഴിലാളികൾക്ക് ലേബർ ബാങ്ക് മുഖേന സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ലേബർ ബാങ്കിന്റെ പ്രവർത്തനത്തിനാവശ്യമായ നിക്ഷേപം എപ്രകാരം സ്വരൂപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) നിയമസഭയിൽ നേരത്തെ പ്രഖ്യാപിച്ച "ലേബർ അജണ്ട 2000" ലെ ഒരു പ്രധാന ഇനമാണ് ലേബർ ബാങ്കിന്റെ രൂപീകരണം. ലേബർ ബാങ്കിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ലേബർ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് തയ്യാറായി. റിസർവ്വുബാങ്കുമായുള്ള ചർച്ച നടന്നുവരുന്നു.

(ബി) തൊഴിലാളികളെ സ്വകാര്യപണമിടപാടുകാരും മറ്റും ചൂഷണം ചെയ്യുന്നത് ഒരു പരിധിവരെയെങ്കിലും തടയാനും അവരെ കടക്കെണിയിൽ നിന്നും മോചിപ്പിക്കുവാനും ഉദ്ദേശിച്ചുകൊണ്ടാണ് ലേബർ ബാങ്ക് രൂപീകരിക്കാൻ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

(സി) സംസ്ഥാനത്തെ തൊഴിലാളികൾക്ക് ലേബർ ബാങ്ക് മുഖേന സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ട്. ഏതൊക്കെ രീതിയിലുള്ള സാമ്പത്തിക സഹായങ്ങളാണ് നൽകേണ്ടതെന്നതിനെക്കുറിച്ച് അന്തിമ തീരുമാനമായിട്ടില്ല.

(ഡി) ലേബർ ബാങ്കിന്റെ പ്രവർത്തനത്തിനാവശ്യമായ നിക്ഷേപം സ്വരൂപിക്കുന്നതു സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ജലസേചനവകുപ്പിന് പൊതുനിയമം

29 (*359) ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനവകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ എന്തെല്ലാമാണ് ; ഇത് സംബന്ധിച്ച് ഒരു പൊതുനിയമം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പൊതു നിയമം കൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ പ്രസ്തുത കരടു നിയമത്തിലെ പ്രധാനപ്പെട്ട ഇനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) 1950-ലെ മലബാർ ജലസേചന നിയമവും 1956-ലെ തിരുവിതാംകൂർ കൊച്ചി ജലസേചന ആക്ടും ആണ് ജലസേചനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള നിയമങ്ങൾ. ഈ നിയമങ്ങൾ ഭേദഗതി ചെയ്യാനും ജലസേചന മേഖലയിലെ നിർമ്മാണപ്രവർത്തനം, ജലസംഭരണം, ജലവിതരണം, ബെറ്റർമെന്റ് ലവി എന്നിവയെ ക്രോഡീകരിച്ച് ഒരു പുതിയ നിയമം കൊണ്ടുവരുവാനുദ്ദേശിച്ചുകൊണ്ടുള്ള "കേരള ഇറിഗേഷൻ ആന്റ് വാട്ടർ റഗുലേഷൻ ആക്ട്" എന്ന നാമധേയത്തിൽ ഒരു കരട് ബില്ലിന് രൂപം നൽകി വരികയാണ്.

(ബി) സ്വീകരിച്ചിരുന്നു.

(സി) 1994-ലെ കരട് ജലസേചനബില്ലിലെ പ്രധാനപ്പെട്ട ഇനങ്ങൾ താഴെപ്പറയുന്നവയായിരുന്നു.

1. ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെയും ജലസമ്പത്തിന്റെയും പരിരക്ഷ.
2. ജലസേചന സംബന്ധമായി നിർമ്മാണ പ്രവർത്തനങ്ങളും അവയുടെ നിർവ്വചനവും.
3. ഫീൽഡ് ചാനലുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും.
4. പെർമിറ്റുകൾ, ജലസേചനനികുതി എന്നിവ സംബന്ധിച്ചുള്ള നിയമങ്ങൾ.
5. ജലസേചന പണികളുടെ സംരക്ഷണം.
6. സംയുക്തമായി തൊഴിലാളികളെ നിയമിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ നിയമങ്ങൾ.

യുവജനക്ഷേമവകുപ്പിന്റെ പ്രവർത്തനം

30 (*360) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമവകുപ്പിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ സ്വതന്ത്ര അധികാരത്തോടുകൂടി ഡയറക്ടറേറ്റും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളും ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) യുവജനക്ഷേമവകുപ്പും സർക്കാരിലെ മറ്റു വകുപ്പുകളുമായി ഏകോപിപ്പിച്ചുകൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്തെ യുവജനങ്ങളുടെ ക്ഷേമത്തിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly